**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല- സുബോധന പാസ്റ്ററൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിലെ അങ്കമാലി സെന്റ് ജോസഫ് സ്കൂൾ മൈതാനത്തു വെച്ച് 2017 മെയ്5 മുതൽ 9 വരെ എന്റെ രക്ഷകൻ എന്ന പേരിൽ നടത്തപ്പെടുന്ന ബൈബിൾ മെഗാ ഷോയെ വിനോദനികുതിയിൽ നിന്നും ഒഴിവാക്കൽ- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) നം.1505/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം.09/05/2017.

പരാമർശം: അങ്കമാലി നഗരസഭയുടെ 26.04.2017 ലെ 9-ആം നമ്പർ തീരുമാനം.

**ഉത്തരവ്**

മേൽ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സുബോധന പാസ്റ്ററൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ അങ്കമാലി സെന്റ് ജോസഫ് സ്കൂൾ മൈതാനത്തു വെച്ച് 2017 മെയ്5 മുതൽ 9 വരെ എന്റെ രക്ഷകൻ എന്ന പേരിൽ നടത്തപ്പെടുന്ന ബൈബിൾ മെഗാ ഷോയെ 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടെയിന്മെന്റ് ടാക്സ് ആക്റ്റ് 7എ വകുപ്പപ്രകാരം വിനോദനികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു. ടിക്കറ്റ് ചാർജിൽ നിന്നും നികുതി ഒഴിവാക്കിയിട്ടുണ്ടെന്ന് നഗരസഭ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ വിശ്രുതൻ ആചാരി,
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, അങ്കമാലി നഗരസഭ ,എറണാകുളം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (എൽ.ബി.എ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ